# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 4827 — 04-07-2012-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റ്.

**ചോദ്യം**

ശ്രീ. റ്റി.യു കുരുവിള

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി.)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയി ലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് എന്നു പ്രസീദ്ധികരിക്കുമെന്നു പറയാമോ; | (എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയുടെ തെരഞ്ഞെടുപ്പിനുവേണ്ടി ആദ്യഘട്ടമായി ഒരു OMR പരീക്ഷ 2011 നവംബർ, ഡിസംബർ മാസങ്ങളിലായി 14 ജില്ലകൾക്കു വേണ്ടിയും നടത്തിയിട്ടുണ്ട്. മൂല്യനിർണ്ണയം പൂർത്തിയായിക്കൊണ്ടിരിക്കയാണ്. റാങ്ക് ലിസ്റ്റ് എന്ന് പ്രസിദ്ധികരിക്കാൻ കഴിയുമെന്ന് മുൻകൂട്ടി പ്പറയാൻ കഴിയില്ല. |
| (ബി) പ്രസ്തുത പരീക്ഷയുടെ ഓരോ ജില്ലയിലെയും കട്ട് ഓഫ് മാർക്ക് എത്രയാണ് വ്യക്തമാക്കുമോ; | (ബി) മൂല്യനിർണ്ണയം പൂർത്തിയായാൽ മാത്രമേ എത്ര മാർക്കു വരെയുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് തീരുമാനിക്കുകയുള്ളൂ. |
| (സി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിൻെറ കാരണങ്ങൾ വിശദമാക്കുമോ; | (സി) അനേകം റാങ്ക് ലിസ്റ്റുകൾ ഒരുമിച്ച് പ്രസിദ്ധീകരിക്കേണ്ടതുള്ളതിനാലും ജീവനക്കാരുടെ കുറവും മൂലമാണ് ചിലപ്പോൾ കാലതാമസം ഉണ്ടാകുന്നത് |
| (ഡി) നിലവിൽ ഓരോ ജില്ലയിൽ നിന്നും എത്ര ഒഴിവുകൾ വീതം പി.എസ്.സി ക്ക്റിപ്പോർട്ട് ചെയ്തിട്ടുണ്ട്? | (ഡി) ഓരോ ജില്ലയിലെയും പി.എസ.സി ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 29 (103 ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിൽ 74 പേർക്ക് നിയമനം നൽകിയിട്ടുണ്ട്) |

| | |
|---|---|
| എറണാകുളം | ഒഴിവുകൾ നിലവിലില്ല (243 പ്രതീക്ഷിത ഒഴിവുകൾ ബഹു. ഹൈക്കോടതി ഉത്തരവു പ്രകാരം അന്തിമ ഉത്തരവുണ്ടാകുന്നതുവരെ അഡ്വൈസ് ചെയ്യാൻ പാടില്ല എന്ന അഭ്യർത്ഥനയോടെ പി. എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.) |
| തൃശ്ശൂർ | 270 |
| പാലക്കാട് | 66 |
| കോഴിക്കോട് | 18 |
| കണ്ണൂർ | 28 |
| മലപ്പുറം | 67 |
| മറ്റു ജില്ലകളിൽ ഒഴിവുകൾ നിലവിലില്ലാത്തതിനാൽ റിപ്പോർട്ട് ചെയ്തിട്ടില്ല. | |

25.05.2011 ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം (WP(C)No.30586/2010 & 34177/2010) ഇലക്ട്രിസിറ്റി വർക്കർമാരുടെ ഒഴിവുകളിൽ 25% പെറ്റി കോൺട്രാക്ട് വർക്കേഴ്സിനു വേണ്ടി മാറ്റി വയ്ക്കേണ്ടതാണ്.)

സെക്ഷൻ ഓഫീസർ.